(ഡി) ഉണ്ട്. ശ്രദ്ധയിൽപ്പെട്ട കേസ്സിൽ വാക്കാൽ പാട്ടക്കാരനെ ഇറക്കിവിട്ടിട്ടുണ്ട്. വിതരണം ചെയ്യുന്ന ഭൂമി അന്യാധീനപ്പെടാതിരിക്കുന്നതിന് ആവശ്യമായ നിബന്ധനകൾ 11-1-2001-ലെ ജി. ഒ. (പി)321/2001/ആർ.ഡി. ഉത്തരവുപ്രകാരമുള്ള ഭൂമി പതിവ് ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകാൻ നടപടി

*28 [58] ശ്രീ. എം. വി. ജയരാജൻ :
,, കെ. രാധാകൃഷ്ണൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ റവന്യൂഭൂമിയിൽ പ്രവേശിച്ച് കുടിൽകെട്ടി സമരം നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം റവന്യൂ ഭൂമിയിൽ എത്ര ആദിവാസി കുടുംബങ്ങൾ എത്ര ദിവസമായി കുടിൽകെട്ടി സമരം നടത്തിവരുകയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ആദിവാസി ക്ഷേമസമിതിയും മറ്റ് സംഘടനകളുമായി സർക്കാർ നടത്തിയ ചർച്ചയിലെ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു;

(ഡി) സർക്കാർ വാഗ്ദാനം ചെയ്ത ഭൂമി എല്ലാ ഭൂരഹിതരായ ആദിവാസികൾക്കും എന്ന് നൽകാനാകുമെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ഭൂമി ഏത് തീയതിക്കകം നൽകുമെന്നായിരുന്നു സർക്കാർ ആദ്യം പ്രഖ്യാപിച്ചിരുന്നത്;

(ഇ) സമരത്തിന്റെ ഭാഗമായി പട്ടിണിയും പരിവട്ടവുമായി മാരകരോഗികളായി കുടിലുകളിൽ അന്തിയുറങ്ങുന്ന ആദിവാസി കുടുംബങ്ങൾക്ക് സർക്കാർ എന്തെങ്കിലും ആശ്വാസം നൽകിയിട്ടുണ്ടോ;

(എഫ്) ഇപ്പോൾ സമരം നടത്തിവരുന്ന സംഘടനാ പ്രതിനിധികളെ വിളിച്ച് ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചലിൽ 28.47 ഏക്കർ റവന്യൂ ഭൂമിയിൽ 21-4-2003 മുതൽ 84 കുടുംബങ്ങൾ കയ്യേറിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിലെ ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിൽപ്പെട്ടതും ആനമല

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടുകൃഷി സഹകരണ സംഘത്തിന്റെ കൈവശമുള്ള 166 ഏക്കർ റവന്യൂ ഭൂമിയിൽ 50 കുടുംബങ്ങൾ 26-11-2003-ന് കയ്യേറ്റം നടത്തി കുടിൽകെട്ടി താമസിച്ചുവരുന്നതായി അറിയുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) സംസ്ഥാനത്തെ എല്ലാ ഭൂരഹിത ആദിവാസികൾക്കും ഈ സർക്കാരിന്റെ കാലത്തുതന്നെ ഭൂമി വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതെങ്കിലും നിശ്ചിത തീയതിക്കകം ഭൂമി നല്കാമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടില്ല.

(ഇ) സമരത്തിന്റെ ഭാഗമായി പട്ടിണിയും രോഗങ്ങളും ആദിവാസികൾക്ക് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മൺസൂൺ കാലത്ത് പട്ടികവർഗ്ഗക്കാർക്ക് അനുഭവിക്കേണ്ടിവരുന്ന പട്ടിണി ഒഴിവാക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിലെല്ലാം അർഹരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്.

(എഫ്) സമരം നടത്തുന്ന സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടില്ല.

വിദ്യുച്ഛക്തി വകുപ്പിന്റെ നവീകരണം

*29 [59] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യുച്ഛക്തി വകുപ്പ് വിഭജിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന വിദ്യുച്ഛക്തി വകുപ്പിന്റെ നവീകരണത്തിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ ആന്റ് ബി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വിവിധ വകുപ്പുകൾക്ക് അനുസൃതമായി, സംസ്ഥാന വൈദ്യുതി മേഖലയെ അതാത് സംസ്ഥാന സർക്കാരുകൾ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. അതിനു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കൺസൾട്ടൻസിയെ നിയമിക്കുന്നതിനായി സംസ്ഥാന സർക്കാർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

†അനുബന്ധം IV, IV A.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[20-1-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 28 (*58) ദയവായി കാണുക]

18-6-2002-ൽ ആദിവാസി ക്ഷേമസമിതിയുമായി നടന്ന ചർച്ചയിൽ പ്രധാനമായും 5 തീരുമാനങ്ങളാണ് ഉണ്ടായിട്ടുള്ളത് അവ താഴെ ചേർക്കുന്നു.

1. ഏതൊക്കെ ഭൂമിയാണ് വിതരണം ചെയ്യാവുന്നതെന്നും, എന്നുമുതലാണ് വിതരണം തുടങ്ങുന്നതെന്നുമുള്ള കാര്യം 27-6-2002-ൽ കൂടുന്ന ജില്ലാ കളക്ടർമാരുടെ യോഗത്തിൽ തീരുമാനിച്ച് 1-7-2002-ൽ ആദിവാസി ക്ഷേമസമിതിയുമായി ചർച്ച ചെയ്യുന്നതാണ്.
2. ഭൂമി ലഭിക്കുന്നതിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത് ജില്ലാതലത്തിലുള്ള ഒരു കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ ട്രൈബൽ മിഷനായിരിക്കും.
3. സുഗന്ധഗിരി പോലുള്ള പ്രോജക്ടുകളിലെ പ്രശ്നങ്ങൾ വനം വകുപ്പുമന്ത്രി, പിന്നോക്ക-പട്ടിക വിഭാഗക്ഷേമ വകുപ്പുമന്ത്രി എന്നിവരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കും.
4. സമരത്തിൽ പങ്കെടുത്ത് ജയിലിൽ പോയ ശാന്തയ്ക്ക് വൈദ്യസഹായമെത്തിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായോ എന്ന് അന്വേഷിക്കുന്നതാണ്.
5. കേസ് പിൻവലിക്കുന്നത് സംബന്ധിച്ച സമര സമിതിയുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ബഹു. വനം വകുപ്പുമന്ത്രി അറിയിച്ചു.

അനുബന്ധം IV (A)

1-7- 2002-ൽ ആദിവാസി ക്ഷേമസമിതിയുമായി നടന്ന ചർച്ചയിൽ ഉണ്ടായ തീരുമാനങ്ങൾ താഴെ ചേർക്കുന്നു

1. ഭൂമി വിതരണത്തിന്റെ രണ്ടാം ഘട്ടം സംസ്ഥാനത്ത് (വയനാട് ഉൾപ്പെടെ) സെപ്റ്റംബർ ഒന്നാം വാരത്തിൽ പുനരാരംഭിക്കും.
2. രണ്ടാം ഘട്ടത്തിൽ പൂർണ്ണമായും ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുവാനാണ് പദ്ധതി.
3. ഭൂമി പതിച്ചുകൊടുക്കുന്നതിന് അർഹതപ്പെട്ടവരിൽ നിന്ന് ജില്ലാ മിഷൻ അപേക്ഷകൾ ക്ഷണിച്ച്, അർഹതപ്പെട്ടവരുടെ കരട് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന കരട് ലിസ്റ്റ് ജനകീയ കമ്മിറ്റി പരിശോധിച്ച് ആവശ്യമായ ശുപാർശകൾ സഹിതം ജില്ലാ മിഷന് തിരികെ നൽകേണ്ടതും, ജില്ലാ മിഷൻ ഈ ശുപാർശകൾകൂടി പരിഗണിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതുമാണ്. ജനകീയ കമ്മറ്റിയുടെ ഘടന പിന്നീട് അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. അപേക്ഷകൾ നൽകുന്നതിന് നിശ്ചിത അപേക്ഷാ ഫോറം സംസ്ഥാന തലത്തിൽ പ്രിന്റ് ചെയ്ത് ബന്ധപ്പെട്ട ടി.ഇ.ഒ. മാർ വഴി ലഭ്യമാക്കുന്നതാണ്. ആവശ്യമുള്ളപക്ഷം ഇവ വില്ലേജ് ആഫീസുകളിലും പഞ്ചായത്തുകളിലും കൂടി ലഭ്യമാക്കുന്നതാണ്.

5. സുഗന്ധഗിരി പ്രോജക്ട് ഭൂമി പ്രോജക്ട് പിരിച്ചുവിട്ട് മൊത്തമായി വിതരണം നടത്തേണ്ടതുണ്ടോ അതോ കൃഷി യോഗ്യമായ ഭൂമി പ്രോജക്ട് നിലനിർത്തിക്കൊണ്ട് അർഹതപ്പെട്ടവർക്ക് നൽകിയാൽ മതിയോ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് സുഗന്ധഗിരി പ്രോജക്ടിൽ പ്രവർത്തിക്കുന്നവരുടെ സംഘടനാ നേതാക്കൾ, വയനാട് ജില്ലയിൽ നിന്നുള്ള എം.എൽ.എ.-മാർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, മറ്റ് ബന്ധപ്പെട്ടവർ എന്നിവരുടെ ഒരു യോഗം 23-7-2002 രാവിലെ 11.30-ന് വനം/പിന്നോക്ക പട്ടികവിഭാഗ ക്ഷേമവകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് ചേരുന്നതാണ്. സുഗന്ധഗിരി പ്രോജക്ട് സംബന്ധിച്ച തീരുമാനങ്ങൾ എല്ലാംതന്നെ മേൽ യോഗത്തിന് ശേഷം സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly